
# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# കനവ്

## സി എം എസ് എൽ പി സ്കൂൾ
## കൂത്രപ്പള്ളി

കറുകച്ചാൽ

കോട്ടയം




## ഓരോ കുട്ടിയും മികവിലേക്ക്

2025-2026

## സമഗ്ര ഗുണമേന്മ വർഷം

# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാഭ്യാസരംഗത്ത് നിരവധി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും വിദ്യാകിരണവും ഈ മാറ്റങ്ങളിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുന്നോട്ട് വച്ച ആശയമാണ് എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ വികസിപ്പിക്കുക എന്നത്.

2025 - 26 അക്കാദമിക വർഷം സമഗ്രഗുണമേന്മ വർഷമാണ്. പാഠ്യപദ്ധതി ചട്ടക്കൂട് 2023 പ്രകാരം 1 മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങളെല്ലാം മാറ്റം വരുത്തിയിട്ടുണ്ട്. മൂല്യനിർണയ പ്രക്രിയയിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തെ സമഗ്രമായി, അതുകൊണ്ട് വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തന പദ്ധതികളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് നമ്മുടെ നിലപാട്. മികവ് എന്നാൽ അക്കാദമിക മികവാണ്. അക്കാദമിക മികവിന്റെ കാര്യത്തിൽ ഏറെ കൂടി മുന്നേറാൻ നമുക്ക് കഴിയണം. അതിന്റെ ഭാഗമായാണ് ഈ വർഷം

"സമഗ്ര ഗുണമേന്മാ വർഷം" ആയി പരിഗണിക്കുന്നു.

എല്ലാ ശൈക്ഷണിക പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന സി.എം.എസ്.എൽ.പി.സ്കൂൾ കുരുന്നുകളും, സജീവമായ പി.ടി.എ., എം.പി.ടി.എ, അദ്ധ്യാപക സംഘം, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് അഭിമാനത്തോടെയും സമർപ്പിക്കുന്നു.

BABYKUTTY BEENA. K
Headmistress
CMS LPS, Koothrappally
PEN 497118

പി.ടി.എ. പ്രസിഡന്റ്

ഹെഡ്മിസ്ട്രസ്

എം.പി.ടി.എ. പ്രസിഡന്റ്

# ഉള്ളടക്കം

- ആമുഖം
- അടിസ്ഥാന വിവരങ്ങൾ
- ചരിത്രം
- ലക്ഷ്യങ്ങൾ
- പൊതുലക്ഷ്യങ്ങൾ
- അക്കാദമിക ഭൗതിക നേട്ടങ്ങൾ, പരിമിതികൾ
- പ്രവർത്തന പദ്ധതികൾ
- വിലയിരുത്തൽ, രേഖപ്പെടുത്തൽ - അക്കാദമിക മോണിറ്ററിംഗ്
- സമഗ്രപുരോഗതി രേഖ
- ഉപസംഹാരം

# അടിസ്ഥാനവിവരങ്ങൾ

സ്കൂളിന്റെ പേര് : സി.എം.എസ്.എൽ.പി.സ്കൂൾ, കൂത്രപ്പള്ളി

മേൽവിലാസം : കൂത്രപ്പള്ളി.പി.ഒ. കറുകച്ചാൽ,
കോട്ടയം - 686540

സ്കൂൾ കോഡ് : 32418

UDISE കോഡ് : 32100500305

വിദ്യാഭ്യാസ ഉപജില്ല : കറുകച്ചാൽ

വിദ്യാഭ്യാസ ജില്ല : കാഞ്ഞിരപ്പള്ളി

റവന്യൂ ജില്ല : കോട്ടയം

ബി.ആർ.സി. : കറുകച്ചാൽ

സി.ആർ.സി. : കറുകച്ചാൽ

ഗ്രാമപഞ്ചായത്ത് : കറുകച്ചാൽ

ബ്ലോക്ക് പഞ്ചായത്ത് : വാഴൂർ

ജില്ലാ പഞ്ചായത്ത് : കോട്ടയം

നിയമസഭാ മണ്ഡലം : കാഞ്ഞിരപ്പള്ളി

ലോക്സഭാ മണ്ഡലം : പത്തനംതിട്ട

വില്ലേജ് : കറുകച്ചാൽ

താലൂക്ക് : ചങ്ങനാശ്ശേരി

ഇ-മെയിൽ വിലാസം : cmslpskply@gmail.com

ഫെയ്സ്ബുക്ക് : cmslps Koothrappally

യൂട്യൂബ് :

സ്കൂൾ വിക്കി : Koothrappally school

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

* എല്ലാ കുട്ടികളെയും അർഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയ വിനിമയ ശേഷി നേടി എന്നുറപ്പു വരുത്തുക.
* സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
* ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
* മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

* ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക.
* സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
* സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ ശേഷികൾ വികസനത്തിന് പ്രയോജനപ്പെടുത്തുക
* ക്ലാസ് തല വായന മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസരപഠനം

* ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

* ശാസ്ത്രത്തിന്റെ രീതി, സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

* ശാസ്ത്രീയ ശേഷികൾ വികസിപ്പിക്കുക.

* ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

## ഗണിതം

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക

* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.

* ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
* ഗണിത ചിന്ത, യുക്തിചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ. സി. ടി

* വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
* അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

* നിർമ്മാണാത്മ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
* പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക
* ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക

## കലാപരിശീലനം

* കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
* കലാഭിരുചി വളർത്തുക
* ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.

# ആരോഗ്യ കായിക വിദ്യാഭ്യാസം

* മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.

* എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കു
* ആരോഗ്യ ശീലങ്ങൾ വളർത്തുക
* ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

# പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്. ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

* 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും

* വായന ഒരു സംസ്കാരമായി രൂപപ്പെടുത്താനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും

* ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

* സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവൽക്കരിക്കും.

* ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ / കോർണർ പി.ടി.എ.കൾ ചേരും.

* ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും

* വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻ നിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും

* ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

* ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക

* മാലിന്യ മുക്ത വിദ്യാലയം. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ

* കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

* വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

- സർഗ്ഗാത്മക വേദികൾ, ആശയ പ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.
- കാർഷിക പ്രവൃത്തികൾ ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ

- IED കുട്ടികളുടെ പഠന പിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.
- ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്

# അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല |
| • ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിട സമുച്ചയം | • മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരം ഇല്ല. |
| • ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു. | • വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. |
| • കലാപഠനം, പ്രവൃത്തിപരിചയ പഠനം, കായിക പഠനം, എന്നിവയ്ക്ക് പ്രത്യേക പരിശീലനം | • മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| • പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് 'അക്ഷരമൊത്തു' എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ | • ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല |
| • പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട് | • കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട് |

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം 1
പേര് : പുസ്തകം എന്റെ ചങ്ങാതി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം 2 പുസ്തകം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2
പേര് : എന്റെ പിറന്നാൾ പുസ്തകം, ഉച്ചഭാഷിണി വായന
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിശാല വായനാശീലം വളർത്തുക | എല്ലാ ക്ലാസ്സിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു പിറന്നാൾ പുസ്തക പരിപാടിയിലൂടെ പുസ്തകം ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| അർത്ഥപൂർണ്ണമായി വായിക്കുവാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : അക്ഷരക്കൂട്ടം (വായനമൂല)

ഉപമേഖല : വായന

| മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനമൂലകൾ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5

പേര് : സ്കൂൾ ലൈബ്രറി - ക്ലാസ്സ്‌തല വായനക്കുറിപ്പുകൾ

ഉപമേഖല : ലേഖനം

| മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള, വായനക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിന് വായനകാർഡ്, മറ്റുകുട്ടികൾക്ക് ലൈബ്രറി പുസ്തകം നൽകുന്നു.) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6

പേര് : ക്ലാസ്സ്‌തല പതിപ്പുകൾ

ഉപമേഖല : ലേഖനം

| മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയ വിശേഷങ്ങൾ - ദിനാചരണങ്ങൾ എന്നിവ പങ്കുവെക്കുന്ന ക്ലാസ്സ്‌തല, സ്കൂൾതല പതിപ്പുകൾ തയ്യാറാക്കുന്നു | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ, വിദ്യാരംഗം കോ-ഓർഡിനേറ്റർ | |

# വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക മോണിറ്ററിങ്

## അക്കാദമിക മോണിറ്ററിങ്

വിദ്യാർത്ഥികളുടെ പഠനപുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ കുട്ടികളുടെ പങ്കാളിത്തം, പഠന പ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക മോണിറ്ററിങ്. പഠനം കേവലം ലക്ഷ്യബന്ധമായതല്ല. കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമ വിലയിരുത്തുകയും അനുയോജ്യമായ പുന:സംഘടനക്കു പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃ നൽകുകയും വേണം.

## പ്രവർത്തന ലക്ഷ്യങ്ങൾ

* അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക
* കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നതിനു ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
* ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
* വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SM SSK) പ്രോത്സാഹിപ്പിക്കുക.

## പ്രവർത്തന ഘട്ടങ്ങൾ

- തീയതി നിശ്ചയിച്ച സന്ദർശനം.
  AEO യുടെ സന്ദർശനം, അവലോകനം
- മോണിറ്ററിംഗ് ഉപാധികൾ
  പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ
  പോർട്ട് ഫോളിയോ, കുട്ടികളുടെ നോട്ട്ബുക്കുകൾ
  കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്
- പ്രതിവാര അവലോകനം
  - കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്
- വിലയിരുത്തൽ
  - കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘു ചിത്രങ്ങൾ
  - അധ്യാപകരുടെ ടെക്സ്റ്റ്, ഡയറികൾ, യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കു
  - അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുന്നു.

# സമഗ്ര പുരോഗതി രേഖ

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാ പരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാമാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹിക പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരിക ക്ഷമത തുടങ്ങിയവയെ സമാനമായി വിലമതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും ചെയ്യുന്നു ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

## പ്രവർത്തനലക്ഷ്യങ്ങൾ

* കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക
* ബുദ്ധിവൃത്തികളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക
* അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
* തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.
* പാഠപുസ്തകങ്ങൾ, പഠനശൈലികൾ, അധ്യാപകരുടെ ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

## പ്രവർത്തനഘട്ടങ്ങൾ :

* പ്രധാന മേഖലകൾ :-
  - വൈജ്ഞാനികം (Acadamic)
  - വൈകാരികം (Emotional)
  - സാമൂഹികം (Social)
  - ശാരീരികം (Physical)
  - മാനസികം (Mental)
  - മൂല്യബോധം
  - ആശയവിനിമയക്ഷമത
  - സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം
* വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ :-
  - ഓരോ മേഖലയിലെയും നിരീക്ഷണരേഖകൾ
  - അധ്യാപകന്റെ കമന്റുകൾ / PTA വിലയിരുത്തൽ
  - ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ
* കാലാനുസൃതമായ രേഖപ്പെടുത്തൽ :-
  - മാസത്തിലും പാദത്തിലും നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.
  - കുട്ടിയുടെ സ്വഭാവവ്യത്യാസങ്ങൾ, വളർച്ച എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.
* പുതിയ ക്ലാസ്സിലേക്ക് കൈമാറ്റം :

# ഉപസംഹാരം

കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ് രൂപകല്പന ചെയ്തിട്ടുള്ളത്. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കി, അവരുടെ സ്വന്തം കഴിവുകൾ കണ്ടെത്തി ഉയർന്ന തലത്തിൽ എത്തിക്കുന്നതിന് ആവശ്യമായ പ്ലാനിംഗ് ഇതിൽ ചെയ്തിട്ടുണ്ട്. ഒരു ലോവർ പ്രൈമറിതലം പൂർത്തിയാക്കുന്ന കുട്ടികളിൽ ആശയധാരണവും ശേഷികളും മൂല്യങ്ങളും മനോഭാവങ്ങളും മാതൃഭാഷയും അനായാസേന ഉപയോഗിക്കാനുള്ള ആത്മവിശ്വാസവും കഴിവും നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഞങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് കുത്രപ്പള്ളി സി. എം. എസ്. എൽ. പി. സ്കൂളിലെ മുഴുവൻ കുട്ടികളും അധ്യാപകരും സവിനയം പ്രതീക്ഷിക്കുന്നു.